പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1493 — 3.10.2016 ൽ മറുപടിയ്ക്ക്

# ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനങ്ങൾ സൌജന്യമായി ലഭ്യമാക്കൽ

ചോദ്യം — മറുപടി

ശ്രീ.രാജു എബ്രഹാം — ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** ഭിന്നശേഷിക്കാരായ ആളുകൾക്ക് മോട്ടോർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളോ, മുച്ചക്രസ്കൂട്ടറുകളോ സൌജന്യമായി ലഭ്യമാക്കാൻ സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

**മറുപടി (എ)** സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറുകൾ മാനദണ്ഡങ്ങൾക്ക വിധേയമായി സൌജന്യമായി നൽകി വരുന്നു(മാനദണ്ഡങ്ങൾ ഉള്ളടക്കം ചെയ്യുന്നു)

**ചോദ്യം (ബി)** ഈ പദ്ധതി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത് ; സഹായം ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

**മറുപടി (ബി)** പദ്ധതി നടപ്പിലാക്കിയ ജില്ലയും സഹായം ലഭിച്ചവരുടെ എണ്ണവും ചുവടെ ചേർക്കുന്നു

| | |
|---|---|
| തിരുവനന്തപുരം | 70 |
| കൊല്ലം | 26 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 25 |
| ഇടുക്കി | 26 |
| കോട്ടയം | 2 |
| എറണാകുളം | 9 |
| തൃശ്ശൂർ | 6 |
| വയനാട് | 10 |
| പാലക്കാട് | 9 |
| കണ്ണൂർ | 18 |
| മലപ്പുറം | 4 |
| കോഴിക്കോട് | 57 |

**ചോദ്യം (സി)** ലോട്ടറി വില്പന പോലെയുള്ള സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ വികലാംഗർക്കും ബി.പി.എൽ/ എ.പി.എൽ വ്യത്യാസമില്ലാതെ ഇത്തരം മുച്ചക്രസ്കൂട്ടറുകളോ മോട്ടാർ ഘടിപ്പിച്ച മുച്ചക്രവാഹനങ്ങളോ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**മറുപടി (സി)** സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ചും മാനദണ്ഡങ്ങൾക്ക് വിധേയമായും ലോട്ടറി വിൽപ്പന പോലെയുള്ള സ്വയംതൊഴിലിൽ ഏർപ്പെട്ടിട്ടുള്ള മുഴുവൻ ഭിന്നശേഷിക്കാർക്കും ബി.പി.എൽ/ എ.പി.എൽ വ്യത്യാസമില്ലാതെ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

**Annexure - I**

## മാനദണ്ഡങ്ങൾ

- അപേക്ഷകരുടെ എണ്ണം വളരെ കൂടുതലും, റിസോഴ്സ് പരിമിതവുമായതിനാൽ ഏറ്റവും അർഹതപ്പെട്ടവർക്ക് മാത്രം സൈഡ് വീൽ സ്കൂട്ടർ ലഭ്യമാക്കുന്നു എന്ന് ഉറപ്പു വരുത്താൻ സുതാര്യമായ മാനദണ്ഡങ്ങളും, മുൻഗണനാക്രമവും ( Eligibility criteria, prioritisation criteria ) നിശ്ചയിക്കാൻ തീരുമാനിച്ചു.
  - ❖ 18 വയസ്സിന് മുകളിൽ പ്രായം,
  - ❖ 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
  - ❖ ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
  - ❖ സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.

- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രധമ പരിഗണന. (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

**മുൻഗണനാ മാനദണ്ഡം ( Prioritisation criteria) ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സേവനം ഉപയോഗപ്പെടുത്തി തയ്യാറാക്കിയത്.**

- ❖ ഭിന്നശേഷി ശതമാനം (50% വെയ്റ്റേജ്)
- ❖ പ്രായം (30% വെയ്റ്റേജ്)
- ❖ വരുമാനം (20% വെയ്റ്റേജ്)

ഈ മൂന്ന് ഘടകങ്ങൾ മുൻഗണനാ മാനദണ്ഡമായിരിക്കും. ആയവയ്ക്ക് വെയിറ്റേജ് മാർക്കും നൽകിയാണ് മുൻഗണന നിശ്ചയിച്ച്, ഗുണഭോക്താവിനെ കണ്ടെത്തുക.

**ഭിന്നശേഷി ശതമാനം**

ഭിന്നശേഷി ശതമാനം (50% വെയിറ്റേജ്) വർദ്ധിക്കുന്നതനുസരിച്ച് വെയിറ്റേജും വർദ്ധിക്കും. ഭിന്നശേഷി ശതമാനം x വെയിറ്റേജ് ശതമാനം ആയിരിക്കും ഭിന്നശേഷി ശതമാനത്തിന്റെ മാർക്ക്.

ഉദാഹരണം- ഭിന്നശേഷി ശതമാനം 40 ആണെങ്കിൽ 40 × 50/100 = 20 മാർക്ക്

80 ആണെങ്കിൽ 80 × 50/100 = 40 മാർക്ക്

2 .**പ്രായപരിധി.** എറ്റവും കുറഞ്ഞ പ്രായപരിധി 18 വയസ് .പ്രായത്തിന് 30 ശതമാനം വെയ്റ്റേജ് നൽകുവാൻ നിശ്ചയിച്ചു. കുറഞ്ഞ പ്രായമുള്ള ഭിന്നശേഷിക്കാർക്ക് അവരുടെ കൂടുതൽ productive and challenging ആയ ജീവിതം നയിക്കാൻ മുന്നിലുണ്ട് എന്നതിനാൽ പ്രായം കുറവുള്ളവർക്ക് കൂടുതൽ വെയ്റ്റേജ് നൽകുവാൻ തീരുമാനിച്ചു. ആയതിന് പ്രയപരിധി അനുസരിച്ച് സ്ലാബുകൾ നിശ്ചയിച്ചു.

| | | |
|---|---|---|
| 18 വയസ്- 35 വയസ് - | സ്ലാബ് 1. | **40** വെയിറ്റേജ് മാർക്ക്. |
| 36 വയസ്- 50 വയസ് - | സ്ലാബ് 2. | **25** വെയിറ്റേജ് മാർക്ക്. |
| 51 വയസ്- 60 വയസ് - | സ്ലാബ് 3. | **20** വെയിറ്റേജ് മാർക്ക്. |
| 61 വയസ്- മുതൽ - | സ്ലാബ് 4. | **15** വെയിറ്റേജ് മാർക്ക്. |

ഉദാ:- 18-35 വയസ്സിനുള്ള സ്ലാബ് **1** ലെ വ്യക്തിക്ക് 40 × 30/100 = 12 മാർക്ക്

60 വയസ്സിന് മുകളിലുള്ള സ്ലാബ് **4** -ലെ വ്യക്തിക്ക് 15 × 30/100 = 4.5 മാർക്ക്

3 **വരുമാന പരിധി.** വരുമാന സാക്ഷ്യ പത്രമായി വരുമാന സർട്ടിഫിക്കറ്റ് മാത്രം സ്വീകരിക്കാൻ തീരുമാനിച്ചു. ഏറ്റവും ഉയർന്ന വാർഷിക വരുമാന പരിധി -ഒരു ലക്ഷം വരുമാനത്തിന് 20 ശതമാനം വെയ്റ്റേജ് നൽകുവാൻ നിശ്ചച്ചു. എറ്റവും കുറഞ്ഞ വരുമാനമുള്ള ഭിന്നശേഷികാർക്ക് എറ്റവും ഉയർന്ന വെയിറ്റേജ് മാർക്ക്.

**വാർഷിക വരുമാനം**

| | | |
|---|---|---|
| 25,000/- രൂപയ്ക്ക് താഴെ | സ്ലാബ് 1. | **50** വെയിറ്റേജ് മാർക്ക്. |
| 25,001/- 50,000/- രൂപ വരെ | സ്ലാബ് 2. | **30** വെയിറ്റേജ് മാർക്ക്. |
| 50001/- ഒരു ലക്ഷം രൂപ വരെ | സ്ലാബ് 3. | **20** വെയിറ്റേജ് മാർക്ക്. |

ഉദാ:- വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെയുള്ള വ്യക്തിക്ക് 50 × 20/100 = 10മാർക്ക്

വാർഷിക വരുമാനം 50000 രൂപക്ക് മുകളിൽ 1 ലക്ഷം രൂപവരെയുള്ള

വ്യക്തിക്ക് 20 × 20/100 = 4 മാർക്ക്

അതായത് 80% ഭിന്നശേഷി യും 18-35 ഇടയിൽ പ്രായമുള്ള വാർഷിക വരുമാനം 25000 രൂപയിൽ താഴെയുള്ള വ്യക്തിയും വെയിറ്റേജ് മാർക്ക് **40+12+10 = 62**

40% ഭിന്നശേഷിയും 60 വയസ്സിനുമുകളിൽ പ്രായമുള്ള വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള വ്യക്തിയുടെ വെയിറ്റേജ് മാർക്ക് **20+4.5+4 =28.5**

പ്രായപരിധി, വരുമാന പരിധി എന്നിവയുടെ വെയിറ്റേജിനായുള്ള സ്ലാബ് മാർക്ക് സംവിധാനം എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നിജപ്പെടുത്തി നൽകിയിട്ടുള്ളതാണ്.

ടിയാൾക്ക് മുൻപ് തദ്ദേശ സ്വായംഭരണസ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും സൈഡ് വീൽ സ്കൂട്ടർ ലഭിച്ചിട്ടില്ലാ എന്ന് തിരഞ്ഞെടുക്കപ്പെട്ടവർ സ്കൂട്ടർ

കൈപ്പറ്റുന്നതിന് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ പുതിയ സാക്ഷ്യപത്രം ഹാജരാക്കണം.

- മേൽ പ്രതിപാദിച്ച eligibility criteria അനുസരിച്ച് റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതാണ്. റാങ്കും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് സ്കൂട്ടറുകൾ വിതരണം ചെയ്യുന്നതാണ്. ഓരേ യോഗ്യതാ പരിധിയിലുള്ള അനവധി വ്യക്തികൾ ഉണ്ടാവുകയും റിസോഴ്സ് പരിമിതവുമാണെങ്കിൽ ലോട്ട് എടുത്ത് ഗുണഭോക്താവിനെ നിശ്ചയിക്കുന്നതായിരിക്കും.
- സ്കൂട്ടർ കൈപ്പറ്റുന്നവർ, 100 രൂപ ധാരണാപത്രത്തിൽ കരാർ ഒപ്പിടേണ്ടതുണ്ട്. 'ടിയാൾക്ക് സർക്കാർ / സ്വകാര്യ സംവിധാനങ്ങളിൽ നിന്നും മുൻപ് സ്കൂട്ടർ ലഭിച്ചിട്ടില്ല എന്ന സത്യവാങ്മൂലവും ലഭിക്കുന്ന സ്കൂട്ടർ കൈമാറ്റം ചെയ്യുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയില്ല എന്നും, അപ്രകാരം സംഭവിച്ചാൽ തുക പലിശ സഹിതം തിരിച്ചു പിടിക്കുന്നതും, നിയമനടപടി സ്വീകരിക്കുന്നതുമായിരിക്കും എന്നതാണ് കരാർ. ടിയാൾക്ക് മുൻപ് സ്കൂട്ടർ ലഭിച്ചിട്ടുള്ള ആളാണ് എന്ന് പിന്നീട് ബോധ്യപ്പെട്ടാൽ, നൽകിയ സ്കൂട്ടർ തിരിച്ചെടുക്കുന്നതായിരിക്കും..
- അപേക്ഷകന്റെ ഡയഗ്നോസിസിനെ ക്കുറിച്ചോ, വാഹനം ഓടിക്കാനുള്ള ശേഷിയെ കുറിച്ചോ കമ്മറ്റിക്ക് സംശയം വരുന്ന പക്ഷം മെഡിക്കൽ സെക്കന്റഡ് ഒപ്പീനിയൻ തേടുന്നതാണ്.
- മേൽ മാനദണ്ഡങ്ങൾക്കും, മുൻഗണനാ ക്രമത്തിനും വിധേയമായിട്ടുള്ള provisional റാങ്ക് ലിസ്റ്റായിരിക്കും കമ്മറ്റി അംഗീകാരത്തോടെ വിതരണം ചെയ്യുക.
- നിലവിലെ സാമ്പത്തിക സ്ഥിതിയിൽ, പകുതി അപേക്ഷകർക്ക് പോലും സ്കൂട്ടർ നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കൂടുതൽ തുക, റിഅപ്പ്രോപ്രിയേഷൻ വഴി അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു.
- ടി മാനദണ്ഡം സംസ്ഥാനത്തെ സ്കൂട്ടർ വിതരണത്തിന്റെ പൊതുമാനദണ്ഡമായി നിജപ്പെടുത്തുന്നതിന് സർക്കാരിൽ ശുപാർശ ചെയ്യാൻ തീരുമാനിച്ചു.